# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: **5010** 27/06/2019-ൽ മറുപടിയ്ക്ക്.

## <u>സീനിയോറിറ്റി മറികടന്നുള്ള ആശ്രിത നിയമനങ്ങൾ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.രാജഗോപാലൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ആശ്രിതനിയമന വ്യവസ്ഥ പ്രകാരമുള്ള നിയമന നടപടികളിൽ തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സി.ഇ.സെൽ തയ്യാറാക്കിയ ലിസ്റ്റിൽ നിരവധി പേർ വർഷങ്ങളായി ഉൾപ്പെട്ടിട്ടും നിയമനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) മുൻകാലങ്ങളിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നൽകിയതിനാൽ ടി സൂപ്പർന്യൂമററി തസ്തികകളിൽ നിയമനം ലഭിച്ചവരുടെ ക്രമീകരണവുമായി ബന്ധപ്പെട്ട് ചില വകുപ്പുകളിൽ നിന്നും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാൻ പറ്റുന്നില്ല എന്നതൊഴിച്ചാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്ക് ആശ്രിതനിയമനം നടന്നു വരുന്നു. |
| (സി) പ്രസ്തുത കാലതാമസം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.